(സി—ഇ) കരാർ റദ്ദാക്കിയതിനെതിരെ കമ്പനി ഹൈക്കോടതിയെ സമീപിക്കുകയും കോടതി ബോർഡിന്റെ പ്രസ്തുത ഉത്തരവ് നിയമ വിരുദ്ധമാണെന്നും കമ്പനിയുമായി പവർ പർച്ചേസ് എഗ്രിമെന്റ് ഒപ്പുവയ്ക്കണ മെന്നും വിധി പ്രസ്താവിക്കുകയും ചെയ്തിരുന്നു. ഇതിനെതിരെ ഹൈക്കോടതി ഡിവിഷൻ ബഞ്ചിൽ അപ്പീൽ നൽകിയെങ്കിലും 23-2-2004-ൽ അപ്പീൽ തള്ളി കോടതി ഉത്തരവായി. അപ്പീലുകൾ വീണ്ടും പരിഗണിക്കുന്നതിനായി റെസ്റ്റോറേഷൻ പെറ്റീഷൻ ഫയൽ ചെയ്തിട്ടുണ്ട്.

മങ്കട നിയോജകമണ്ഡലത്തിൽ വൈദ്യുതി കണക്ഷൻ

19 [3363] ശ്രീ. മഞ്ഞളാംകുഴി അലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മങ്കട നിയോജകമണ്ഡലത്തിൽ വൈദ്യുതി കണക്ഷന് സി.ഡി. അടച്ച എത്ര അപേക്ഷകർ നിലവിലുണ്ട് എന്ന് വ്യക്തമാക്കുമോ;

(ബി) ഇവർക്ക് എന്നത്തേക്ക് വൈദ്യുതി കണക്ഷൻ നൽകാനാകും എന്ന് വ്യക്തമാക്കുമോ;

(സി) വൈദ്യുതി കണക്ഷൻ നൽകുന്നതിനുള്ള സാമഗ്രികളുടെ കുറവ് ഉണ്ടോ എന്ന് വ്യക്തമാക്കുമോ;

(ഡി) എങ്കിൽ എന്തെല്ലാം സാമഗ്രികളുടെ കുറവാണ് ഉള്ളതെന്നും അവ ലഭ്യമാക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികളും സംബന്ധിച്ച വിശദാംശം വെളിപ്പെടുത്തുമോ?

ഉത്തരം

(എ) 2827.

(ബി) 31-12-2003 വരെ മജിസ്റ്റർ ചെയ്ത പോസ്റ്റ് ആവശ്യമുള്ള കണക്ഷനുകളും 31-12-2004 വരെ മജിസ്റ്റർ ചെയ്ത പോസ്റ്റ് ആവശ്യമില്ലാത്ത കണക്ഷനുകളും ഈ വർഷം കൊടുത്തു തീർക്കാനാണ് ലക്ഷ്യമിട്ടിട്ടുള്ളത്.

(സി) ഉണ്ട്.

(ഡി) പ്രധാനമായും പോസ്റ്റുകളുടെ ക്ഷാമമാണ് ഉള്ളത്. മഞ്ഞേരി സർക്കിളിൽ 7, 8, 9 മീറ്റർ എന്നീ വിവിധ അളവിലുള്ള 48600 പോസ്റ്റുകൾ ലഭ്യമാക്കുവാൻ വേണ്ട സപ്ലൈ ഓർഡറുകൾ നൽകിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly